# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3543 20.06.2019 ൽ മറുപടിക്ക്

## വ്യാജ കസ്റ്റമർ കെയർ നമ്പറുകൾ വഴി തട്ടിപ്പ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അബ്ദുൽ ഹമീദ് പി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഇന്റർനെറ്റ് സെർച്ച് എൻജിനുകളിൽ വ്യാജ കസ്റ്റമർ കെയർ നമ്പറുകൾ നൽകി ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് പണം തട്ടുന്ന സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇ കോമേഴ്സ് സൈറ്റുകളിൽ നടത്തുന്ന ഓൺലൈൻ പർച്ചേസ്, ടിക്കറ്റ് ബുക്കിങ് തുടങ്ങിയവയിൽ ഇടപാട് റദ്ദ് ചെയ്ത പണം തിരികെ ആവശ്യപ്പെടുന്നതിനായി ഉപഭോക്താക്കൾ കസ്റ്റമർ കെയർ നമ്പറുകൾ സെർച്ച് എൻജിനുകളിൽ അന്വേഷിക്കുമ്പോൾ ഇത്തരം വ്യാജ നമ്പറുകളിൽ എത്തിപ്പെട്ട് പണം നഷ്ടമാവുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ആഭ്യന്തര വകുപ്പ് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുമോ; വിശദമാക്കുമോ? | (ബി) ഇ കോമേഴ്സ് സൈറ്റുകളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി പത്ര-ദൃശ്യ മാദ്ധ്യമങ്ങൾ വഴി അറിയിപ്പുകൾ നൽകുകയും, വിവിധ സാമൂഹ്യ സംഘടനകൾ, ക്ലബ്ബുകൾ, സ്കൂളുകൾ, കോളേജുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ മുതലായവയുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികളും, ക്ലാസുകളും നടത്തി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ